(സി) ഉണ്ട്.

(ഡി-എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ വഴി ഇത്തരം കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും നൽകിവരുന്നുണ്ട്.

അഗതി പെൻഷൻ

262 (3242) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗതികൾക്കുള്ള പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണ് ; ഇവർക്ക് നൽകിവരുന്ന പ്രതിമാസ പെൻഷൻ തുക എത്രയാണ് ; വ്യക്തമാക്കുമോ ;

(ബി) അഗതികൾക്കുള്ള പെൻഷൻ എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നറിയിക്കുമോ ;

(സി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക വേണ്ടിവരുമെന്ന് പറയാമോ ;

(ഡി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 1009214 പേർ അഗതി (വിധവ) പെൻഷൻ ഗുണഭോക്തക്കളായുണ്ട്. നിലവിൽ പ്രതിമാസം 800 രൂപാ നിരക്കിൽ പെൻഷൻ നൽകിവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ ക്ഷേമ പെൻഷനുകൾ

263 (3243) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമപെൻഷനുകൾ ചുവടെ ചേർക്കുന്നു :

1. ഇന്ദിരാഗാന്ധിദേശീയ വാർദ്ധക്യകാല പെൻഷൻ
2. വികലാംഗ പെൻഷൻ
3. വിധവാ പെൻഷൻ
4. കർഷക തൊഴിലാളി പെൻഷൻ
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

മാതൃകാ അംഗൻവാടികൾ

264 (3244) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ; സംസ്ഥാനത്ത് ആകെയും കോട്ടയം ജില്ലയിലും എത്ര മാതൃകാ അംഗൻവാടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാതൃക അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തനം ആരംഭിച്ച മാതൃക അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടി വീതം 140 അംഗൻവാടികളാണ് മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിലാണ് മാതൃകാ അംഗൻവാടികൾ അനുവദിക്കുന്നത്. ഒരു മാതൃകാ അംഗൻവാടി കെട്ടിടം 23.75 ലക്ഷം രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. വകുപ്പു തലത്തിൽ 17 ലക്ഷം രൂപയും, എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ആണ്. 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ്റൂം,

LIBRARY ARCHIVES Kerala Legislative Assembly